(ബി) ഇതിനുള്ള പരിശീലനത്തിനുവേണ്ടി വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഏത് ഏജൻസിയാണ് ഇവരെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഒരാൾക്ക് എത്ര രൂപ ഫീസിനത്തിൽ ഡ്രൈവിംഗ് പരിശീലനത്തിനു വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഡ്രൈവിംഗ് പരിശീലനത്തിനുവേണ്ടി ഓരോ ജില്ലയിലും ഏതൊക്കെ സ്ഥാപനങ്ങളെയാണ് പരിശീലനം നടത്തിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(എഫ്) ഓരോ സ്ഥാപനത്തിനും എത്ര രൂപ വീതം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ജി) പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷമാണോ സ്ഥാപനങ്ങൾക്കുള്ള ഫീസ് കൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

163 (2442) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി സർക്കാർ നല്കുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനിൽ 482 പട്ടികജാതി സഹകരണ സംഘങ്ങളും 95 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും അംഗത്വം എടുത്തിട്ടുണ്ട്.

(ബി) ഫെഡറേഷനിൽ അംഗത്വമുള്ള സഹകരണ സംഘങ്ങൾക്ക് എം.എഫ്.പി. ശേഖരണം സംബന്ധിച്ച്, കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ്-ഇൻ-എയിഡ് നല്കുന്നു. കൂടാതെ തൊഴിലധിഷ്ഠിത വായ്പയും നല്കുന്നു.

പിന്നോക്ക-പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് നിലവിലുള്ള കോർപ്പറേഷനുകൾ

164 (2443) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക-പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ അധീനതയിൽ എത്ര കോർപ്പറേഷനുകൾ നിലവിലുണ്ട് ; ഇവ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം കോർപ്പറേഷനുകൾവഴി നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) ഇതിന്റെ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദീകരിക്കുമോ ?

ഉത്തരം

(എ) 3 കോർപ്പറേഷനുകൾ നിലവിലുണ്ട്.

1. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.
2. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ.
3. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിലിലൂടെ സ്വയംപര്യാപ്തത നേടിയെടുക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് കോർപ്പറേഷൻ പലതരം വികസന പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. കോർപ്പറേഷൻ മാത്രമായി വായ്പ നല്കുന്ന പദ്ധതികളും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലൂടെ വായ്പയും കോർപ്പറേഷനിൽ നിന്നും വിഹിതവും സബ്സിഡിയും നൽകുന്ന പദ്ധതികളുമാണ് നടപ്പിലാക്കി വരുന്നത്.

2. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ സർക്കാരിന്റെ ധനസഹായത്തോടെ കൃഷി ഭൂമി വായ്പാ പദ്ധതി, വിദേശ വായ്പാ പദ്ധതി, ഭവന നിർമ്മാണ വായ്പ, വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാന പദ്ധതിയും ദേശീയ പിന്നോക്ക വിഭാഗ ധനവികസന കോർപ്പറേഷന്റെ ധനസഹായത്തോടെയുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

3. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കേരളത്തിലെ പിന്നോക്ക മത-ന്യൂനപക്ഷ വിഭാഗങ്ങളിൽ പെടുന്നവരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും ധനസഹായത്തോടെയും സംസ്ഥാന സർക്കാരിന്റെ ഓഹരി മൂലധന സഹായമുപയോഗിച്ചും വിവിധ സ്വയംതൊഴിൽ വായ്പാ പദ്ധതികൾ വനിതകൾക്കുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതികൾ, വിദ്യാഭ്യാസ പദ്ധതി, സന്നദ്ധ സംഘടനകൾ വഴി നല്കുന്ന സ്വയംതൊഴിൽ പദ്ധതി, പെൺകുട്ടികളുടെ വിവാഹ നിശ്ചയ പദ്ധതി, ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പാ പദ്ധതി, വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ വായ്പാ പദ്ധതി, വിദേശത്ത് ജോലി തേടിപ്പോകുന്നവർക്കുള്ള വായ്പാ പദ്ധതി എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ആകാശവാണി, ദൂരദർശൻ, പ്രമുഖ ദിനപത്രങ്ങൾ എന്നിവയിലൂടെ പരസ്യപ്പെടുത്തിയിട്ടാണ് അപേക്ഷ സ്വീകരിക്കുന്നത്. ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ പദ്ധതിക്ക് വിജ്ഞാപനത്തിന് ശേഷമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു. പട്ടികജാതി-പട്ടികവർഗ്ഗക്കാരായവരും 18-നും 25-നും ഇടയിൽ പ്രായമുള്ളവരും കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർക്ക് 40,000 രൂപയിൽ അധികമില്ലാത്തവർക്കും പട്ടണപ്രദേശങ്ങളിലുള്ളവർക്ക് 55,000 രൂപയിൽ അധികമല്ലാത്തവർക്കുമാണ് അനുവദിക്കുന്നത്.

2. പരിവർത്തിത ക്രൈസ്തവരും ശുപാർശ ചെയ്ത വിഭാഗത്തിൽപ്പെട്ടവരും 18-നും 45-നും മധ്യേ പ്രായമുള്ളവർക്ക് (സ്വയം തൊഴിൽ) ഗുണഭോക്താവിന്റെ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 31,952 രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ 42,412 രൂപയിൽ താഴെയുള്ളവർക്കുമാണ് അനുവദിക്കുന്നത്.

3. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ പ്രകാരവും കോർപ്പറേഷന്റെ സ്വന്തം പണമുപയോഗിച്ച് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ പ്രകാരവും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ്. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്വയംതൊഴിൽ പദ്ധതികൾക്ക് അപേക്ഷിക്കുന്നവരുടെ കുടുംബ വാർഷിക വരുമാനം നഗരപ്രദേശങ്ങളിൽ 54,500 രൂപയിലും ഗ്രാമപ്രദേശങ്ങളിൽ 39,500 രൂപയിലും താഴെയായിരിക്കണം. എൽ.ബി.എസ്.എഫ്.ഡി.സി.-യുടെ പരിധിയിൽ വരുന്ന അപേക്ഷകർക്ക് ഇത് യഥാക്രമം 55,000 രൂപയും 40,000 രൂപയുമാണ്. വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികൾക്ക് വാർഷിക വരുമാനം മുമ്പ് സൂചിപ്പിച്ചിട്ടുള്ള തുകകളുടെ നേർപകുതിയായിരിക്കും. വിദ്യാഭ്യാസ വായ്പ പദ്ധതികൾക്ക് വാർഷിക വരുമാന പരിധി എൽ.ബി.സി.എഫ്.ഡി.സി. പദ്ധതിക്ക് 55,000 രൂപയും എൻ.എം.ഡി.എഫ്.സി. പദ്ധതിക്ക് 27,250 രൂപയുമാണ് കോർപ്പറേഷന്റെ സ്വന്തം ഫണ്ടുപയോഗിച്ചുള്ള പദ്ധതികളിൽ ഇരുചക്ര വാഹന വായ്പയ്ക്ക് വാർഷിക വരുമാന പരിധി ഒന്നേകാൽ ലക്ഷം രൂപയും മറ്റ് പദ്ധതികൾക്ക് 70,000 രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly